**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2845.** **06.02.2018 ൽ മറുപടിയ്ക്ക്**

**കഞ്ചാവ്, മയക്കമരുന്ന് വില്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.സി.ജോർജ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | കേരളത്തിൽ കഞ്ചാവ്, മയക്കമരുന്ന് വില്പന വളരെയധികം കൂടിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇതര സംസ്ഥാനത്തുനിന്നുമാണ് ഇവ കേരളത്തിൽ എത്തുന്നതെന്നത് മനസ്സിലാക്കി, അതിർത്തി ചെക്ക് പോസ്റ്റുകളിൽ വിദഗ്ധരായ ഉദ്യോഗസ്ഥരെ നിയമിച്ച്, മയക്കമരുന്ന് കടത്ത് ആരംഭത്തിൽ തന്നെ അവസാനിപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | ചെക്ക് പോസ്റ്റുകളിൽ വിദഗ്ധരായ ഉദ്യോഗസ്ഥരെ നിയമിച്ച്, കർശന പരിശോധന നടത്തി മയക്കമരുന്ന് കടത്ത് അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ കാലയളവിൽ സംസ്ഥാനത്ത് മയക്കമരുന്ന് പിടിച്ച എത്ര സംഭവങ്ങൾ കേസ് ആക്കിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന 2016 മെയ് 25-ാം തീയതിമുതൽ സംസ്ഥാനത്ത് 7997 എൻ.ഡി.പി.എസ് കേസ്സുകൾ കണ്ടെടുത്തിട്ടുണ്ട്. ആയതിൽനിന്നായി 8384 പ്രതികളെ അറസ്റ്റ് ചെയ്തു. താഴെ പറയുന്ന തൊണ്ടി വക മയക്ക് മരുന്നുകൾ കണ്ടെടുത്തിട്ടുണ്ട്. |

| | |
|---|---|
| കഞ്ചാവ് | 1834.267 കി.ഗ്രാം |
| കഞ്ചാവ് ചെടികൾ | 2511 |
| ഹാഷിഷ് | 12774.148 ഗ്രാം |
| ഹെറോയിൻ | 506.08 ഗ്രാം |
| ബ്രൗൺ ഷുഗർ | 292.280 ഗ്രാം |
| ഒപ്പിയം | 4818 ഗ്രാം |
| മയക്ക്മരുന്ന് ഗുളികകൾ | 9218 ഗുളികകൾ |

**സെക്ഷൻ ഓഫീസർ**